പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .229

05.03.2012-ൽ മറുപടിക്ക്

# പെയർട്രോളിംഗ് രീതിയിലുള്ള മത്സ്യബന്ധനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ആർ. രാജേഷ് | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | സുപ്രീംകോടതി നിരോധിച്ച പെയർട്രോളിംഗ് രീതി സംസ്ഥാനത്ത് വീണ്ടും വ്യാപകമാവുന്നു എന്ന പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | എ & ബി ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ രീതിയിലുള്ള മത്സ്യബന്ധനം മത്സ്യങ്ങളുടെ ആവാസ വ്യവസ്ഥയുടെ തകർച്ചയ്ക്കും വംശനാശത്തിനും കാരണമാകുമെന്ന വാദം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | ഇതിനെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കമോ ? | (സി) | 1980-ലെ കേരള സമുദ്രജല മത്സ്യബന്ധന നിയന്ത്രണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം നിരോധിച്ച മത്സ്യബന്ധന രീതികൾ ചില മത്സ്യത്തൊഴിലാളികൾ തുടരുന്നതായ പരാതികളും റിപ്പോർട്ടുകളും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം സംബന്ധിച്ച ചർച്ചകൾ നടത്തുകയുണ്ടായി. മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം പട്രോളിംഗ് ശക്തിപ്പെടുത്തിയും രാത്രികാല പട്രോളിംഗ് നടത്തിയും ഇത്തരം നിയമലംഘന പ്രവർത്തനങ്ങൾ തടയുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. പെയർ ട്രോളിംഗ്, പെലാജിക്ക് ട്രോളിംഗ് തുടങ്ങിയ അശാസ്ത്രീയ മത്സ്യബന്ധനരീതികൾ പിൻതുടരുന്നവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കാനും നിയമ ലംഘനം നടത്തുന്ന ബോട്ടുകളെ കണ്ടുകെട്ടുന്നതിനും പിഴ ഈടാക്കുന്നതിനും ഇതു സംബന്ധിച്ച ചർച്ചകളിൽ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ